## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2145 — 26.03.2013-ൽ മറുപടിക്ക്

### സർക്കാർ ജീവനക്കാരുടെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ നേതൃത്വത്തിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 329 സഹകരണ സംഘങ്ങൾ. |
| (ബി) ഇത്തരം സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ സർക്കാർ ജീവനക്കാർ മാത്രമാണോയെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) സർക്കാർ ജീവനക്കാരുടെ സഹകരണ സംഘങ്ങളിൽ സർക്കാർ ജീവനക്കാർക്ക് മാത്രമേ അംഗത്വത്തിന് അർഹതയുള്ളൂ. ആകയാൽ ടി സംഘങ്ങളുടെ ഭരണ സമിതി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അത്തരം അംഗങ്ങൾക്ക് മാത്രമേ കഴിയുകയുള്ളൂ. ചട്ടങ്ങൾ പ്രകാരം, നോമിനേഷൻ സൂക്ഷ്മ പരിശോധന വേളയിൽ വരണാധികാരി ഇക്കാര്യം പരിശോധിച്ച് ബോധ്യപ്പെടാറുണ്ട്. |
| (സി) ഇത്തരം സഹകരണ സംഘങ്ങളിലെ ഡയറക്ടർ ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ജീവനക്കാർ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് എന്തെല്ലാം അനുമതികൾ വാങ്ങണമെന്ന് വ്യക്തമാക്കാമോ? | (സി) സർക്കാർ ജീവനക്കാർ അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങളിൽ മത്സരിക്കുന്നതിന് ജീവനക്കാർക്ക് ബന്ധപ്പെട്ട വകുപ്പിന്റെ അനുമതിയുടെ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ